കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് - 2017 -18 വാർഷിക പദ്ധതിയിലുൾപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് (പ്രോ. നം 146/ 18 )വിതരണം- ബാക്കി വന്ന 3 ലാപ് ടോപ്പുകൾ 2018 -19 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നൽകുന്നത് - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 433/ 2019/തസ്വഭവ                തിരുവനന്തപുരം, തീയതി, 26.02.2019

---

പരാമർശം :- 1. മുള്ളൻകൊല്ലിഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.12.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05/ 02/ 2019-ലെ 4.11 നമ്പർ തീരുമാനം .

## ഉത്തരവ്

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പദ്ധതിക്കായി 2017- 18-ൽ 16 ഗുണഭോക്താക്കൾക്ക് നൽകാനായി ലാപ് ടോപ് വാങ്ങി . 13 പേർ മാത്രമേ ശരിയായ രേഖകൾ നൽകിയുള്ളൂ ശേഷിക്കുന്ന 3 ലാപ് ടോപ്പുകൾ 2018- 19-ലെ ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് നൽകാനുള്ള അനുമതിക്കായി മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.02.2019 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു പ്രസ്തുത യോഗത്തിന്റെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് പ്രോ നം 146/ 18 )നൽകുന്ന പദ്ധതിയിൽ 2017- 18-ൽ 16 ഗുണഭോക്താക്കൾക്ക് നൽകാനായി വാങ്ങിയ ലാപ് ടോപ്പുകളിൽ വിതരണം ചെയ്യാൻ ശേഷിക്കുന്ന 3 ലാപ് ടോപ്പുകൾ 2018- 19- ലെ ഗുണഭോക്തൃ ലിസ്റ്റിലുള്ളവർക്ക് നൽകാൻ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്,വയനാട് .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ